LIBRARY ARCHIVES Kerala Legislative Assembly

7. ഓൺലൈൻ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിക്കൽ

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന റബ്ബർ കർഷകർക്ക് ഏറെ ആശ്വാസകരമാണ് കിലോയ്ക്ക് 150 രൂപ തറവില നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ആശ്വാസ പദ്ധതി. ഇന്നലെ അതിലേയ്ക്കായി പ്രത്യേകം കൺസൾട്ടന്റിനെ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. റബ്ബർ ഉത്പാദകസംഘംവഴി റബ്ബർ ബോർഡിന്റെ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. അതിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള തിക്കുംതിരക്കും നമ്മുടെ സംസ്ഥാനത്ത് അങ്ങേയറ്റം വർദ്ധിച്ചിരിക്കുകയാണ്. നിർജ്ജീവമായിരുന്ന നിരവധി റബ്ബർ ഉത്പാദക സംഘങ്ങൾ ഇപ്പോൾ സജീവമായിട്ടുണ്ട്. നിരവധി കർഷകർ പ്രൈവറ്റ് ഏജൻസിയെപ്പോലും ആശ്രയിച്ച് ഇതിലേയ്ക്ക് പേര് രജിസ്റ്റർ ചെയ്യാനുള്ളശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് ഏജൻസികൾ വളരെ വലിയ തുകയാണ് അതിന് ഈടാക്കുന്നത്. അക്ഷയകേന്ദ്രങ്ങൾവഴിയാണ് പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുത്തിരിക്കുന്നത്. അവിടെ നാമമാത്രമായ തുക മാത്രമേ ഈടാക്കുന്നുള്ളൂ. അപേക്ഷകർ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ തിക്കുംതിരക്കും അക്ഷയകേന്ദ്രങ്ങളിൽ അനുഭവപ്പെടുന്നു. സ്വകാര്യ സ്ഥലങ്ങളിലും അതുപോലുള്ള തിക്കുംതിരക്കും അനുഭവപ്പെടുകയാണ്. ഇതുമൂലം റബ്ബർ ബോർഡിന്റെ വെബ്സൈറ്റ് പല സ്ഥലങ്ങളിലും തകരാറിലാകുന്ന ഒരു സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഈ മാസം 30-ാം തീയതിയാണ് ഇതിന്റെ അവസാന തീയതിയായി തീരുമാനിച്ചിരിക്കുന്നത്. ആ സമയത്തിനുള്ളിൽ കർഷകർക്കെല്ലാവർക്കും പേര് രജിസ്റ്റർ ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യമാണ് വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് 30-ാം തീയതിയെന്നുള്ള കാലാവധി കുറച്ചുകൂടി നീട്ടിക്കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

അതോടൊപ്പംതന്നെ റബ്ബർ കർഷകർ കൃഷി ചെയ്യുവരുന്ന പല സ്ഥലങ്ങൾക്കും പട്ടയം ലഭിച്ചിട്ടില്ല. എന്നാൽ അവർക്ക് റബ്ബർ ബോർഡിന്റെ പല തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അതുകൊണ്ട് പട്ടയം ലഭിക്കാത്ത ഭൂമിയിൽ കൃഷിചെയ്യുവരുന്ന റബ്ബർ കർഷകർക്കുകൂടി ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. ചെയർമാൻ : കൂടുവകാശമുള്ളതിനും ഈ പദ്ധതിയുടെ ആനുകൂല്യം ഇപ്പോൾ കിട്ടുന്നില്ല. അങ്ങനെ ഒരു പ്രോബ്ലം കൂടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ കാര്യം പരിശോധിക്കാം. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി റബ്ബർ കർഷകർ അവരുടെ വ്യക്തിഗത വിവരങ്ങൾ www.ebtkerala.gov.in എന്ന വെബ്സൈറ്റിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിമുഖേന രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം റബ്ബർ കർഷകർക്കുള്ള രജിസ്ട്രേഷൻ നടപടിക്ക് സർക്കാർ സമയപരിധി ഏർപ്പെടുത്തിയിട്ടില്ല. ഈ വിധം രജിസ്റ്റർ ചെയ്യപ്പെടുന്ന റബ്ബർ കർഷകരുടെ രജിസ്ട്രേഷന് റബ്ബർ ബോർഡ് അംഗീകാരം നൽകുന്നതോടെ കർഷകർ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായിത്തീരും. ഈ പദ്ധതിയിൽ ഇതുവരെ 11,386 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതും എന്നാൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നതും റബ്ബർ ബോർഡിൽനിന്ന് ആനുകൂല്യം ലഭിക്കുന്നവരുമായ റബ്ബർ കർഷകർക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കേണ്ടതാണ് എന്ന ഉറച്ച നിലപാടാണ് സർക്കാരിനുള്ളത്. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇതിന്റെ കാലാവധി ഈ മാസം 30-ാം തീയതിവരെ മാത്രമേയുള്ളൂ എന്നാണ് പറയുന്നത്. അത് നീട്ടിക്കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, കാലാവധി നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

8. നിയമഭേദഗതി റദ്ദ് ചെയ്യൽ

ശ്രീ. വർക്കല കഹാർ : സർ, ഖാദിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഖാദിയെക്കുറിച്ച് ഓർക്കുമ്പോൾ മഹാത്മജിയെ ഓർമ്മ വരും; ഖാദിയെക്കുറിച്ച് ഓർക്കുമ്പോൾ ഉദിച്ചാൽ അസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന് എതിരെയുള്ള സ്വാതന്ത്ര്യസമര പോരാട്ടം